ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1115

# സൂറ - 38 / സ്വാദ്

## സൂക്തം: 12 - 17

كَذَّبَتۡ قَبۡلَهُمۡ قَوۡمُ نُوحٖ وَعَادٞ وَفِرۡعَوۡنُ ذُو ٱلۡأَوۡتَادِ ﴿١٢﴾

12. ഇവർക്കു മുമ്പ് നൂഹിന്റെ ജനവും ആദ് വർഗവും മഹാ സ്തംഭങ്ങൾക്കുടയവനായ ഫറവോനും പ്രവാചകന്മാരെ തള്ളിപ്പറഞ്ഞിരുന്നു;

وَثَمُودُ وَقَوۡمُ لُوطٖ وَأَصۡحَٰبُ لۡـَٔيۡكَةِۚ أُوْلَٰٓئِكَ ٱلۡأَحۡزَابُ ﴿١٣﴾

13. സമൂദ് വർഗവും ലൂത്വിന്റെ ജനവും ഐക്കാ വാസികളും. അവരൊക്കെയാണല്ലോ വൻശക്തികൾ.

إِن كُلٌّ إِلَّا كَذَّبَ ٱلرُّسُلَ فَحَقَّ عِقَابِ ﴿١٤﴾

14. എല്ലാവരും ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞവർ തന്നെ. തന്മൂലം എന്റെ ശിക്ഷ അവരിൽ യാഥാർഥ്യമായി.

**12-14**

كَذَّبَتْ قَبْلَهُمْ = അവർക്കു മുമ്പ് (പ്രവാചകന്മാരെ) തള്ളിപ്പറഞ്ഞിരുന്നു

قَوْمُ نُوحٍ وَعَادٌ = നൂഹിന്റെ ജനതയും ആദു(വർഗവു)ം وَفِرْعَوْنُ ذُو ٱلْأَوْتَادِ = സ്തംഭങ്ങൾക്കുടയവനായ ഫറവോനും

وَثَمُودُ وَقَوْمُ لُوطٍ وَأَصْحَٰبُ لْـَٔيْكَةِ = സമൂദ് വർഗവും ലൂത്വിന്റെ ജനവും ഐക്കാ നിവാസികളും

أُولَٰٓئِكَ = (ഒക്കെയാണല്ലോ) അവർ ٱلْأَحْزَابُ = കക്ഷികൾ (വൻശക്തികൾ)

إِن كُلٌّ إِلَّا كَذَّبَ ٱلرُّسُلَ = എല്ലാവരും ദൈവൂദതന്മാരെ തള്ളിപ്പറ(ഞ്ഞവർ തന്നെ) യാതെയില്ല

فَحَقَّ عِقَابِ = അപ്പോൾ (തന്മൂലം) എന്റെ ശിക്ഷ (അവരിൽ) യാഥാർഥ്യമായി

പ്രവാചകന്മാരുടെ സന്ദേശം നിഷേധിച്ച് ധിക്കാരികളായി വാണ എത്രയോ ജനതകളെ അല്ലാഹു നശിപ്പിച്ചുകളഞ്ഞിട്ടുണ്ടെന്ന് മൂന്നാം സൂക്തത്തിലും, പ്രവാചക വിരോധത്തിലും മിഥ്യാപ്രതാപത്തിലും അഹങ്കരിക്കുന്ന ഖുറൈശികളും ഏറെ വൈകാതെ പരാജയപ്പെടാൻ പോവുകയാണെന്ന് പതിനൊന്നാം സൂക്തത്തിലും ഉണർത്തിയല്ലോ. അതിനുദാഹരണമായി നാശത്തിലകപ്പെട്ട ചില സമൂഹങ്ങളെ ചൂണ്ടിക്കാണിക്കുകയാണ്. നൂഹ് നബിയുടെ ജനതയുടെ കഥ അറബികൾക്കു മാത്രമല്ല ലോകമെങ്ങും അറിയപ്പെട്ടതാണ്. നേരത്തേ പല സൂറകളിൽ അത് പ്രതിപാദിച്ചിരിക്കുന്നു. ഇനിയും പല സൂറകളിൽ ആ ചരിത്രം പരാമർശിക്കുന്നുണ്ട്. ഏറ്റം പ്രാചീനവും ഏറെ പ്രസിദ്ധവുമായതുകൊണ്ടാണ് ഇവിടെ അതുതന്നെ ആദ്യം അനുസ്മരിക്കുന്നത്. നൂഹ് നബിയെ ധിക്കരിക്കുകയും ദ്രോഹിക്കുകയും പുഛിച്ചു തള്ളുകയും

ചെയ്ത ജനതയെ കുറിച്ച് 54:9-16 - ൽ പറയുന്നു:

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ فَكَذَّبُوا عَبْدَنَا وَقَالُوا مَجْنُونٌ وَازْدُجِرَ ﴿٩﴾ فَدَعَا رَبَّهُ أَنِّي مَغْلُوبٌ فَانتَصِرْ ﴿١٠﴾ فَفَتَحْنَا أَبْوَابَ السَّمَاءِ بِمَاءٍ مُّنْهَمِرٍ ﴿١١﴾ وَفَجَّرْنَا الْأَرْضَ عُيُونًا فَالْتَقَى الْمَاءُ عَلَىٰ أَمْرٍ قَدْ قُدِرَ ﴿١٢﴾ وَحَمَلْنَاهُ عَلَىٰ ذَاتِ أَلْوَاحٍ وَدُسُرٍ ﴿١٣﴾ تَجْرِي بِأَعْيُنِنَا جَزَاءً لِّمَن كَانَ كُفِرَ ﴿١٤﴾ وَلَقَد تَّرَكْنَاهَا آيَةً فَهَلْ مِن مُّدَّكِرٍ ﴿١٥﴾ فَكَيْفَ كَانَ عَذَابِي وَنُذُرِ ﴿١٦﴾

(ഇവർക്കു മുമ്പ് നൂഹിന്റെ ജനം നിഷേധിച്ചിട്ടുണ്ട്. നമ്മുടെ ദാസനെ അവർ തള്ളിപ്പറഞ്ഞു. ഭ്രാന്തനെന്നു ഘോഷിച്ചു. രൂക്ഷമായി വിരട്ടപ്പെട്ടു. ഒടുവിൽ അദ്ദേഹം നാഥനോടു പ്രാർഥിച്ചു: ഞാൻ അതിജയിക്കപ്പെട്ടിരിക്കുന്നു. ഇനി നീ തന്നെ ഇവരെ ചെറുത്തുകൊള്ളുക. അപ്പോൾ കോരിച്ചൊരിയുന്ന പെരുമഴയാൽ നാം വിണ്ണിന്റെ കവാടങ്ങൾ തുറന്നു. ഭൂമിയെ പിളർന്നു പുഴകളാക്കി. വിധിക്കപ്പെട്ട കാര്യം നടപ്പിലാക്കുന്നതിനു വേണ്ടി ജലമൊക്കെയും കൂടിച്ചേർന്നു. നൂഹിനെ നാം പലകകളും ആണികളുമുള്ള യാനപാത്രത്തിൽ വഹിച്ചു. അത് നമ്മുടെ മേൽനോട്ടത്തിൽ സഞ്ചരിക്കുകയായിരുന്നു. നിഷേധിക്കപ്പെട്ടവനുള്ള സമ്മാനമായിട്ട്. ആ കപ്പലിനെ നാം ഒരടയാളമായി അവശേഷിപ്പിച്ചിരിക്കുന്നു. ബോധമുൾക്കൊള്ളാൻ വല്ലവരുമുണ്ടോ? എന്റെ ശിക്ഷയും മുന്നറിയിപ്പുകളും എവ്വിധമായിരുന്നുവെന്ന് നോക്കൂ).

തുടർന്നു പറയുന്ന ആദും സമൂദും ഐക്കക്കാരും അറേബ്യൻ ഗോത്രങ്ങൾ തന്നെയായിരുന്നു. ലൂത്വ് ജനത സിറിയയുടെ ഭാഗമായിരുന്ന സദൂം പ്രദേശത്താണ് വസിച്ചിരുന്നത്. ഖുറൈശികൾ വ്യാപാര യാത്രകളിൽ ഈ പ്രദേശത്തിലൂടെ കടന്നുപോവുകയും ലൂത്വ് ജനതയുടെ നഷ്ടാവശിഷ്ടങ്ങൾ കാണുകയും കഥകൾ കേൾക്കുകയും ചെയ്തിരുന്നു. അറേബ്യയോട് തൊട്ടുകിടക്കുന്ന ഈജിപ്ത് പൗരാണിക നാഗരികതയുടെ ഈറ്റില്ലമാണ്. അവിടത്തെ രാജവംശം ബഹുപ്രതാപികളും പ്രബലരുമായിരുന്നു. فِرْعَوْنُ ذُو الْأَوْتَادِ എന്ന പ്രയോഗം അവരുടെ പ്രതാപത്തെ സൂചിപ്പിക്കുന്നതാണ്. തൂണ്, സ്തംഭം, കുറ്റി എന്നൊക്കെയാണ് وتد-ന്റെ അർഥം. അതിന്റെ ബഹുവചനമാണ് اوتاد. ഇവിടെ ഉദ്ദേശ്യം ഫറവോന്റെ വിപുലമായ സൈനിക പാളയങ്ങളാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. സൈന്യം പാളയമടിക്കാൻ തമ്പുകളുണ്ടാക്കുന്നതിന് കുറ്റിയടിക്കുന്നതിനെ ആസ്പദിച്ചാണ് ഈ അർഥ കൽപന. തമ്പടിക്കാൻ നാട്ടുന്ന കുറ്റികൾക്കെന്നപോലെ തമ്പിനു മൊത്തത്തിലും اوتاد എന്നു പറയുമെന്ന് പ്രസ്താവമുണ്ട്. ഈജിപ്തിൽ ഫറവോന്മാർ സ്ഥാപിച്ച വിശ്വവിഖ്യാതമായ പിരമിഡുകളെയാണ് اوتاد കുറിക്കുന്നതെന്നാണ് മറ്റൊരഭിപ്രായം. ഏതർഥത്തിലെടുത്താലും ഫറവോന്മാരുടെ ശക്തിയെയും പ്രതാപത്തെയുമാണത് കുറിക്കുന്നത്. യൂസുഫ്-മൂസാ പ്രവാചകന്മാരുടെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടവരാണ് ഫറവോൻ പ്രഭൃതികൾ. നേരത്തേ പ്രവാചകന്മാരെ അനുസ്മരിച്ച സന്ദർഭങ്ങളിൽ ഫറവോൻ പ്രഭൃതികളുടെ ധിക്കാരത്തെക്കുറിച്ചും അതിന്റെ ഫലമായി വന്ന വിനാശത്തെക്കുറിച്ചും വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. അന്നാസിആത്ത് പോലുള്ള ചില സൂറകളിൽ ഇനിയും ഫറവോനികളുടെ ധർമധിക്കാരവും നാശവും പരാമർശിക്കപ്പെടുന്നുണ്ട്.

അതിസമ്പന്നവും സുശക്തവുമായ ഗോത്രങ്ങളായിരുന്നു ആദും സമൂദും. ഹൂദ് (അ) ആയിരുന്നു ആദ് ഗോത്രത്തിൽ വന്ന പ്രവാചകൻ. ആ ഗോത്രത്തിന്റെ പ്രവാചകനിഷേധവും ധർമധിക്കാരവും തൽഫലമായി അവർക്കേർപ്പെട്ട നാശവും സൂറ: ഹൂദ് 50-60 സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നു. വേറെയും പല സൂറകൾ ഇക്കൂട്ടരെ അനുസ്മരിക്കുന്നുണ്ട്. 69:6-8 - ൽ അവരുടെ നാശം ഇപ്രകാരം വർണിച്ചിരിക്കുന്നു:

وَأَمَّا عَادٌ فَأُهْلِكُوا بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾ سَخَّرَهَا عَلَيْهِمْ سَبْعَ لَيَالٍ وَثَمَانِيَةَ أَيَّامٍ حُسُومًا فَتَرَى الْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾ فَهَلْ تَرَىٰ لَهُم مِّن بَاقِيَةٍ ﴿٨﴾

(ആദ് വർഗം ഘോരമായി ചീറിയടിക്കുന്ന കൊടുങ്കാറ്റിനാൽ ഉന്മൂലനം ചെയ്യപ്പെട്ടു. അല്ലാഹു ഏഴു രാവും എട്ടു പകലും തുടർച്ചയായി അവരുടെ മേൽ അത് അടിച്ചേൽപിച്ചു. നീ ഉണ്ടായിരുന്നെങ്കിൽ, ആ ജനം ദ്രവിച്ച ഈത്തപ്പനത്തടികളെന്നോണം വീണു കിടക്കുന്നത് കാണാമായിരുന്നു. ഇന്ന് അവരിൽ വല്ലവരും അവശേഷിച്ചതായി കാണുന്നുണ്ടോ?). സമൂദ് ഗോത്രത്തിന്റെ നാശവും ഹൂദ് 61-68 സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നു. സ്വാലിഹ് (അ) ആയിരുന്നു അവരിൽ ചെന്ന പ്രവാചകൻ. 54:31- ൽ സമൂദ് ഗോത്രത്തിന്റെ അന്ത്യം വർണിക്കുന്നു:

إِنَّا أَرْسَلْنَا عَلَيْهِمْ صَيْحَةً وَاحِدَةً فَكَانُوا كَهَشِيمِ الْمُحْتَظِرِ ﴿٣١﴾

(നാം അവരുടെ മേൽ ഒരൊറ്റ ഗർജനമയച്ചതും, അവർ കാലികൾ ചവിട്ടിമെതിച്ച വൈക്കോൽ പോലെ ആയിത്തീർന്നു). ലൂത്വ് നബിയുടെയും ജനതയുടെയും ചരിത്രം നൂഹ് ചരിത്രം പോലെ നേരത്തേ പല സൂറകളിൽ ആവർത്തിച്ചു വന്നിട്ടുള്ളതാണ്. 11:82,83 - ൽ അവരുടെ നാശം വർണിക്കുന്നതിങ്ങനെ:

فَلَمَّا جَاءَ أَمْرُنَا جَعَلْنَا عَالِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهَا حِجَارَةً مِّن سِجِّيلٍ مَّنضُودٍ ﴿٨٢﴾ مُّسَوَّمَةً عِندَ رَبِّكَ ۖ وَمَا هِيَ مِنَ الظَّالِمِينَ بِبَعِيدٍ ﴿٨٣﴾

(നമ്മുടെ ആജ്ഞ വന്നപ്പോൾ നഗരത്തെ കീഴ്മേൽ മറിച്ചുകളഞ്ഞു. അതിനു മീതെ നാം ചുട്ടുപഴുത്ത കല്ലുകൾ തോരാതെ പെയ്തു. നിന്റെ നാഥങ്കൽ നിശ്ചയിക്കപ്പെട്ടതായിരുന്നു ആ കല്ലുകൾ. അത്തരം ശിക്ഷാ നടപടി ഏതു ധിക്കാരികളിൽനിന്നും വിദൂരമല്ല).

أَصْحَٰبُ لْـَٔيْكَةِ മദ്‌യൻകാരാണ്. ശുഐബ് (അ) ആയിരുന്നു മിദ്യാനികളിലെത്തിയ പ്രവാചകൻ. ايكة വനമാണ്. ഇത് മിദ്യാനിലെ ഒരു പട്ടണമായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഐക്ക മിദ്യാനിൽപെട്ട ഒരു സ്ഥലമായാലും മിദ്യാൻ മുഴുവനായാലും ശുഐബ് (അ) അവരിൽ ചെന്ന പ്രവാചകനായിരുന്നു. 15:78,79 - ലും 26:176-195 - ലും ഇവരുടെ ചരിത്രം പറയുന്നുണ്ട്. 11;94,95 അവരുടെ നാശം വർണിക്കുന്നു:

وَلَمَّا جَاءَ أَمْرُنَا نَجَّيْنَا شُعَيْبًا وَالَّذِينَ آمَنُوا مَعَهُ بِرَحْمَةٍ مِّنَّا وَأَخَذَتِ الَّذِينَ ظَلَمُوا الصَّيْحَةُ فَأَصْبَحُوا فِي دِيَارِهِمْ جَاثِمِينَ ﴿٩٤﴾ كَأَن لَّمْ يَغْنَوْا فِيهَا ۗ أَلَا بُعْدًا لِّمَدْيَنَ كَمَا بَعِدَتْ ثَمُودُ ﴿٩٥﴾

(നമ്മുടെ ശിക്ഷാ വിധി വന്നപ്പോൾ ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മിൽനിന്നുള്ള

കാരുണ്യത്താൽ രക്ഷിച്ചു. ധർമധിക്കാരം പ്രവർത്തിച്ചവരെ ഒരു ഘോരഗർജനം ബാധിച്ചു. അതോടെ അവർ സ്വവസതികളിൽ നിശ്ചേഷ്ടരായി വീണടിഞ്ഞുപോയി; നേരത്തേ അവരാ നാട്ടിൽ പാർത്തിട്ടില്ലാത്തവണ്ണം. അറിയുക, സമൂദ് ഗോത്രം തൂത്തെറിയപ്പെട്ടതുപോലെ മിദ്യാനികളും തൂത്തെറിയപ്പെട്ടു).

ഇപ്പറഞ്ഞ സമൂഹങ്ങളാണല്ലോ വൻശക്തികളായി അറിയപ്പെട്ടവർ. ഖുറൈശികൾ അവരെ അപേക്ഷിച്ച് നിസ്സാരരാണ്. أَحْزَاب-ന്റെ അർഥം 11-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. ശക്തിയും സ്വാധീനവും സംഖ്യാ ബലവും അധികമുള്ളവരാണ് ഇവിടെ ഉദ്ദേശ്യം. സ്വന്തം ശക്തിയിലും സമ്പത്തിലും സ്വാധീനത്തിലും അഹങ്കരിച്ച് സത്യദൈവത്തെ മറന്നു, തങ്ങൾക്കാവശ്യമുള്ള ദൈവങ്ങളെ സ്വയം സൃഷ്ടിച്ചവർ. അങ്ങനെ ദൈവത്തിന്റെ സൃഷ്ടികൾ ദൈവത്തിന്റെ സ്രഷ്ടാക്കളായി. സത്യവും ധർമവും നീതിയും ധിക്കരിച്ചുവാണു. അപ്പോൾ അവരെ സന്മാർഗത്തിലേക്കു വീണ്ടെടുക്കാൻ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. ആ പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ് ദ്രോഹിക്കുകയാണവരെല്ലാം ചെയ്തത്. അല്ലാഹുവിന്റെ അനുഗ്രഹമായ പ്രവാചക സന്ദേശം തള്ളിക്കളഞ്ഞവർ അവന്റെ ശിക്ഷക്ക് അവകാശികളാവുക അനിവാര്യമായിരുന്നു. നേരത്തേ 8-ാം സൂക്തത്തിൽ عَذَاب എന്നു പറഞ്ഞതു പോലെയാണ് ഇവിടെ عِقَابِ എന്നു പറഞ്ഞിരിക്കുന്നത്. രണ്ടിന്റെയും അർഥം ഒന്നുതന്നെയാണ്. عِقَابِ-ൽ അനന്തരഫലം, പരിണതി എന്ന ആശയവും കൂടിയുണ്ട്. അവർ കൈക്കൊണ്ട സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും അനിവാര്യ ഫലമായി അല്ലാഹുവിങ്കൽ നിന്ന് ശിക്ഷ ഏറ്റുവാങ്ങാൻ ബാധ്യസ്ഥരായി എന്നാണ് فَحَقَّ عِقَابِ -ന്റെ താൽപര്യം. ●

وَمَا يَنظُرُ هَٰٓؤُلَآءِ إِلَّا صَيۡحَةٗ وَٰحِدَةٗ مَّا لَهَا مِن فَوَاقٖ ﴿١٥﴾

15. ഇക്കൂട്ടർ ഒരൊറ്റ ഗർജനമല്ലാതൊന്നും കാത്തിരിക്കുന്നില്ല. അതു സംഭവിച്ചാൽ പിന്നെ ആർക്കും ഒരു സാവകാശവും ലഭിക്കുകയില്ല.

وَقَالُواْ رَبَّنَا عَجِّل لَّنَا قِطَّنَا قَبۡلَ يَوۡمِ ٱلۡحِسَابِ ﴿١٦﴾

16. പക്ഷേ, ഇവരിപ്പോൾ 'റബ്ബേ വിചാരണാ നാളിനു മുമ്പേ ഞങ്ങളുടെ ശിക്ഷാ വിഹിതം ഇങ്ങു തന്നേക്കൂ' എന്നു പരിഹസിക്കുകയാണല്ലോ.

**15,16**

وَمَا يَنظُرُ هَٰٓؤُلَآءِ إِلَّا صَيْحَةً وَاحِدَةً = ഒരൊറ്റ ഗർജനമല്ലാതെ (ഒന്നും) ഇക്കൂട്ടർ കാത്തിരിക്കുന്നില്ല

مَّا لَهَا مِن فَوَاقٍ = അതിന് ഒരു സാവകാശവുമില്ല (അതു സംഭവിച്ചാൽ പിന്നെ ആർക്കും ഒട്ടും സാവകാശം ലഭിക്കുകയില്ല

وَقَالُواْ = അവർ പറഞ്ഞു (പക്ഷെ ഇവരിപ്പോൾ പരിഹസിക്കുകയാണല്ലോ)

رَبَّنَا عَجِّل لَّنَا = റബ്ബേ നീ ഞങ്ങൾക്ക് ശീഘ്രം (ഇങ്ങു) തന്നേക്കൂ

قِطَّنَا = ഞങ്ങളുടെ (ശിക്ഷ) വിഹിതം قَبْلَ يَوْمِ ٱلْحِسَابِ = വിചാരണ ദിനത്തിനു മുമ്പേ

نظر (കണ്ടു, നിരീക്ഷിച്ചു)യുടെ വർത്തമാന രൂപമാണ് ينظر. കാത്തിരിക്കുന്നതിനു പ്രതീക്ഷിക്കുന്നതിനും കൂടി نظر ഉപയോഗിക്കും; ഈ അർഥത്തിൽ അധികവും ഉപയോഗിക്കാറുള്ളത് انتظر ആണെങ്കിലും ماينتظرون-ക്ക് പകരമായിട്ടാണ് ഇവിടെ ماينظرون ഉപയോഗിച്ചിരിക്കുന്നത്. ഗർജനമാണ് صَيْحَة. ഇവിടെ ഉദ്ദേശ്യം ശിക്ഷയുടെ തുടക്കമാണ്. അന്ത്യനാളിലെ രണ്ടാമത്തെ കൊമ്പു വിളിയുമാവാം. രണ്ടും ഒരുമിച്ച് ഉദ്ദേശ്യമാക്കാവുന്നതുമാണ്. കാലികളുടെ അകിട്ടിലുള്ള പാൽ കറന്നെടുത്തശേഷം കുട്ടിയെ കുടിപ്പിച്ച് ചുരത്തിച്ച് വീണ്ടും കറക്കുന്നതിനിടയിലുള്ള സമയമാണ് ഭാഷാർഥത്തിൽ فَوَاق . ക്ഷണനേരം, ചെറിയ സാവകാശം എന്ന് പ്രയോഗാർഥം. ഗഡുവും തവണയും വിഹിതവും ഭാഗവുമൊക്കെയായ قسط -ന്റെ പാഠഭേദമാണ് قِط. മരണാനന്തര വിചാരണയുടെ ദിവസമാണ് يَوْمِ ٱلْحِسَابِ.

വചനസാരം: പ്രവാചകനോടുള്ള വിരോധവും സത്യധർമങ്ങളുടെ ധ്വംസനവും തുടരുകയാണെങ്കിൽ ഈ ഖുറൈശികൾക്കും പ്രതീക്ഷിക്കാനുള്ളത് ദൈവിക ശിക്ഷയുടെ പെട്ടെന്നുള്ള ആഗമനം, അല്ലെങ്കിൽ മരണാനന്തര ഉയിർത്തെഴുന്നേൽപിന്റെ കൊമ്പുവിളി മാത്രമാകുന്നു. പ്രവാചകസന്ദേശം തള്ളിക്കളഞ്ഞ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അനുവർത്തിക്കുന്നവർ ശിക്ഷിക്കപ്പെടുമെന്ന താക്കീത് സത്യമാണെങ്കിൽ അതു വരട്ടെ, അപ്പോൾ സത്യവിശ്വാസം കൈക്കൊള്ളുകയും സത്യ-ധർമങ്ങളാചരിക്കുകയും ചെയ്തുകൊണ്ട് ഉത്തമ ദൈവദാസന്മാരായി മാറാം എന്ന് ആരും വ്യാമോഹിക്കേണ്ട. ഈ ലോകത്തെ ശിക്ഷയായാലും പാരത്രിക ശിക്ഷയായാലും വിധിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ ആർക്കും കറവക്കിടയിൽ കറവമൃഗം അകിട്ടിൽ പാൽ ചുരത്തുന്നതു കാത്തിരിക്കുന്ന കറവക്കാരന്റെ സാവകാശം പോലും ഉണ്ടായിരിക്കുകയില്ല. 36:49-50 - ൽ അത് വർണിക്കുന്നതിങ്ങനെയാണ്:

مَا يَنظُرُونَ إِلَّا صَيْحَةً وَاحِدَةً تَأْخُذُهُمْ وَهُمْ يَخِصِّمُونَ ﴿٤٩﴾ فَلَا يَسْتَطِيعُونَ تَوْصِيَةً وَلَا إِلَىٰٓ أَهْلِهِمْ يَرْجِعُونَ ﴿٥٠﴾

(അവർ കാത്തിരിക്കുന്നത് ഒരു ഘോരഗർജനം മാത്ര

മാകുന്നു. ഭൗതിക ജീവിതത്തിന്റെ വ്യവഹാരങ്ങളിൽ മുഖരിതരായിരിക്കുമ്പോൾ അത് പെട്ടെന്നവരെ ഗ്രസിക്കുന്നു. പിന്നെ ഒസ്യത്ത് ചെയ്യാൻ പോലും അവർക്കവസരം ലഭിക്കുന്നില്ല. സ്വകുടുംബങ്ങളിൽ തിരിച്ചെത്താനും കഴിയില്ല). ദൈവിക ശിക്ഷ ഏറ്റുവാങ്ങുന്നവർ നേരത്തേ അത് താക്കീത് ചെയ്യുന്ന പ്രവാചകന്മാരെ പരിഹസിച്ചുകൊണ്ട് ഘോഷിച്ചിരുന്നു; റബ്ബേ, ഞങ്ങളുടെ ശിക്ഷാ വിഹിതം വിചാരണക്കു മുമ്പു തന്നെ വേഗമിങ്ങ് തന്നേക്കൂ. ഞങ്ങളൊരിക്കലും ഈ പ്രവാചകൻ പറയുന്ന സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങാനൊന്നും പോകുന്നില്ല. അതുകൊണ്ട് ഇയാളിലൂടെ നീ ഞങ്ങൾക്ക് നൽകുന്ന താക്കീതുകൾ നടപ്പിലാക്കാൻ വിചാരണാ നാൾ വരെ കാത്തിരിക്കേണ്ട കാര്യമില്ല. മുശ്രിക്കുകൾ പ്രവാചകനെ വെല്ലുവിളിച്ചിരുന്നതായി 13:6, 22:47, 29:53,54 സൂക്തങ്ങളും പറയുന്നുണ്ട്. 8:32 - ൽ അവരെ ഉദ്ധരിക്കുന്നു:

وَإِذْ قَالُوا اللَّهُمَّ إِن كَانَ هَـٰذَا هُوَ الْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ السَّمَاءِ أَوِ ائْتِنَا بِعَذَابٍ أَلِيمٍ ﴿٣٢﴾

(ദൈവമേ, മുഹമ്മദ് പ്രബോധനം ചെയ്യുന്നത് നിന്റെ പക്കൽനിന്നുള്ള സത്യം തന്നെയാണെങ്കിൽ, ഞങ്ങൾക്കു മീതെ മാനത്തുനിന്നു ശിലകൾ വർഷിച്ചോളൂ; അല്ലെങ്കിൽ മറ്റേതെങ്കിലും കൊടിയ ശിക്ഷയിറക്കിക്കോളൂ).

മുൻചൊന്ന വൻശക്തികളെല്ലാം കൊടൂരമായി ശിക്ഷിക്കപ്പെട്ടപ്പോൾ അവരിലേക്കു നിയുക്തരായ പ്രവാചകന്മാരെയും അവരിൽ വിശ്വസിച്ച സജ്ജനങ്ങളെയും അല്ലാഹു ഒരു പോറലുമേൽക്കാതെ രക്ഷിക്കുകയായിരുന്നു. അതുപോലെ ഖുറൈശികൾ ശിക്ഷിക്കപ്പെടുകയാണെങ്കിൽ പ്രവാചകനും ശിഷ്യന്മാരും അതിൽനിന്ന് മുക്തരായിരിക്കുമെന്ന സന്ദേശവും കൂടി ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്നു. ●

ٱصْبِرْ عَلَىٰ مَا يَقُولُونَ وَٱذْكُرْ عَبْدَنَا دَاوُۥدَ ذَا ٱلْأَيْدِ ۖ إِنَّهُۥٓ أَوَّابٌ ﴿١٧﴾

17. ഇവരുടെ ആക്ഷേപശകാരങ്ങൾ പ്രവാചകൻ ക്ഷമയോടെ നേരിടേണം. നമ്മുടെ ഇഷ്ടദാസൻ മഹാബാഹുവായ ദാവൂദിനെ ഓർക്കുക. അദ്ദേഹം അധികമധികം അല്ലാഹുവിലേക്കു മടങ്ങുന്നവനായിരുന്നു.

**17**

ٱصْبِرْ عَلَىٰ مَا يَقُولُونَ = അവർ പറയുന്നത് ക്ഷമിക്കുക (അവരുടെ ആക്ഷേപ ശകാരങ്ങൾ പ്രവാചകൻ ക്ഷമയോടെ നേരിടേണം)

وَٱذْكُرْ = ഓർക്കുകയും ചെയ്യുക عَبْدَنَا دَاوُۥدَ ذَا ٱلْأَيْدِ = നമ്മുടെ (ഇഷ്ട) ദാസൻ മഹാബാഹുവായ ദാവൂദിനെ

إِنَّهُۥٓ أَوَّابٌ = അദ്ദേഹം അധികമധികം മടങ്ങുന്നവനായിരുന്നു

മുൻ സൂക്തങ്ങളിൽ അവിശ്വാസികൾ പ്രവാചകനെതിരെ ഉന്നയിച്ചതായി സൂചിപ്പിച്ച ആക്ഷേപ ശകാരങ്ങളും പരിഹാസങ്ങളുമാണ് مَا يَقُولُونَ. അതിലൊന്നും പ്രവാചകൻ പ്രകോപിതനാകരുത്. അപകർഷതയും വേണ്ട. ദുഃഖിക്കുകയോ നിരാശപ്പെടുകയോ ചെയ്യേണ്ടതുമില്ല. എല്ലാം ക്ഷമയോടെ നേരിട്ട് സ്വന്തം ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കാൻ ഉപദേശിക്കുകയാണ്. പ്രതിബന്ധങ്ങൾ ക്ഷമയോടെ തരണം ചെയ്യുന്നവരെ അല്ലാഹു സഹായിച്ചുകൊണ്ടിരിക്കും. ഒടുവിൽ വിജയപഥത്തിലെത്തിക്കുകയും ചെയ്യും. ഉദാഹരണമായി നമ്മുടെ ഇഷ്ടദാസൻ ദാവൂദിന്റെ (അ) കഥയോർക്കുക: ٱذْكُرْ-നെ ദാവൂദിന്റെ കഥ അവർക്കു പറഞ്ഞുകൊടുക്കുക എന്നും തർജമ ചെയ്യാം. അതായത് കഥയുടെ സംബോധിതർ അവിശ്വാസികളാണ്. അപ്പോഴും കഥ ഓർക്കാനും പറയാനുമുള്ള കൽപന നബി(സ)യോടു തന്നെയാണ്. ഒരു സാധാരണ ഇസ്രായീലി കർഷകന്റെ പുത്രനായി ജനിച്ചു വളർന്ന ദാവൂദ്(അ) പരിശ്രമം കൊണ്ടും ധൈര്യം കൊണ്ടും അതുല്യനായ സൈനികനും ഒടുവിൽ രാജാവുമായിത്തീർന്നു. ഇസ്രായീല്യരും ഫിലിസ്ത്യരും തമ്മിൽ നടന്നു യുദ്ധത്തിൽ അദ്ദേഹം ഒറ്റക്ക് ഫിലിസ്ത്യ രാജാവ് ജാലൂത്തിനെ നേരിട്ടു വധിച്ചു. ഭാഷയിൽ കരങ്ങളുടയവനാണ് ذَا ٱلْأَيْدِ. മഹാശക്തർ, പരാക്രമശാലി എന്ന അർഥത്തിലുള്ള പ്രയോഗമാണിത്. നമ്മുടെ ഭാഷയിലെ 'മഹാബാഹു' പോലെ. ദൈവഭക്തനും ധർമനിഷ്ഠനുമായ അദ്ദേഹത്തെ ഇസ്രാഈല്യർ കള്ള പ്രവാചകനായും വിഷയാസക്തനായും ആക്ഷേപിച്ചു. ചിലർ അദ്ദേഹത്തിന്റെ ശക്തിയെയും സമ്പത്തിനെയും ജ്ഞാനത്തെയും അമാനുഷമെന്നു പുകഴ്ത്തി. അതുകൊണ്ടൊന്നും പക്ഷെ അദ്ദേഹം അശേഷം അഹങ്കരിച്ചില്ല. നേട്ടങ്ങളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന ഉറച്ച ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഒപ്പം അനുഗ്രഹദാതാവിനോടുള്ള അദമ്യമായ സ്നേഹവും കൂറുമുണ്ടായിരുന്നു. أَوَّابٌ അധികം മടങ്ങുന്നവൻ كثير الرّجوع ആണ്. ദൈവാജ്ഞകളനുസരിക്കുന്നതിനും പ്രാർഥനാദികർമങ്ങൾക്കും മറ്റെന്തിനെക്കാളും പ്രാധാന്യം നൽകുന്നവനാണ് أَوَّابٌ. ആരാധനാനുഷ്ഠാനങ്ങളിലും ദൈവാജ്ഞകനുസരിക്കുന്നതിലും അതീവ തൽപരനായിരുന്ന ദാവൂദ് (അ). ആവർത്തിച്ച് പശ്ചാത്തപിക്കുന്നവൻ എന്നും أَوَّابٌ ന് അർഥമാകാം. ഈ അർഥം പരിഗണിച്ച് ഇങ്ങനെയും വ്യാഖ്യാനമുണ്ട്; ദാവൂദ് നബിക്ക് ചില വീഴ്ചകൾ സംഭവിച്ചിരുന്നു. അതോർത്ത് ജീവിതകാലമത്രയും അദ്ദേഹം തൗബ-പശ്ചാത്താപം ചെയ്തുകൊണ്ടിരുന്നു. ഈ വ്യാഖ്യാനവും സാധുവാണെങ്കിലും أَوَّابٌ-ന്റെ മൂലപദമായ اوب-നെ توبه എന്ന അർഥത്തിൽ ഉപയോഗിക്കാറില്ല. ●